# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5734** **09/07/2012 ൽ മറുപടിക്ക്**

**എസ്.എസ്.എ. ധനകാര്യമാനേജ്മെന്റും വിഭവസേവന സംഭരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം : | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | എസ്.എസ്.എ. ധനകാര്യമാനേജ്മെന്റും വിഭവസേവന സംഭരണവും സംബന്ധിച്ച മാനുവൽ അനുസരിച്ച് കമ്പ്യൂട്ടർ വാങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ; | എ) | എസ്.എസ്.എ. ധനകാര്യമാനേജ്മെന്റും വിഭവസേവന സംഭരണവും (Financial Management and Procurement) സംബന്ധിച്ച മാന്വൽ അനുസരിച്ച് സംസ്ഥാന സർക്കാർ ഏജൻസികളിൽ നിന്നോ ലിമിറ്റഡ് ടെണ്ടർ, ഓപ്പൺ ടെണ്ടർ എന്നിവ വഴിയോ കമ്പ്യൂട്ടർ വാങ്ങാവുന്നതാണ്. എന്നാൽ അത്യാധുനിക സാങ്കേതിക വിദ്യയിൽപെട്ടതും ഉയർന്ന നിലവാരം പുലർത്തുന്നതുമായ ഉപകരണങ്ങൾ വാങ്ങുന്നതിന് മുൻഗണന നൽകാറുണ്ട്. ജില്ലകളിൽ ഐ.ടി. വിദഗ്ധനടങ്ങുന്ന ജില്ലാതല പർച്ചേസ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് കമ്പ്യൂട്ടർ വാങ്ങുന്നത്. |
| ബി) | 2011-12 വർഷത്തിൽ ഓരോ ജില്ലയിലും കമ്പ്യൂട്ടറുകൾ വാങ്ങിയത് ഈ മാനദണ്ഡങ്ങൾക്കനുസരിച്ചായിരുന്നോ; | ബി) | ധനകാര്യമാനേജ്മെന്റും വിഭവസേവനസംഭരണമാനുവലിൽ പറയുന്ന മാനദണ്ഡമനുസരിച്ച് ഓരോ ജില്ലകളിലും ഐ.ടി. വിദഗ്ധൻ അടങ്ങുന്ന ജില്ലാതല പർച്ചേസ് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് ജില്ലകളിൽ കമ്പ്യൂട്ടർ വാങ്ങുന്നത്. |
| സി) | ഏതെങ്കിലും ജില്ലയിൽ വ്യത്യസ്ത മാനദണ്ഡങ്ങളിൽ കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ടോ ; | സി) | എസ്.എസ്.എ.യുടെ Financial Management and Procurement -ലെ മാനദണ്ഡം പാലിക്കാതെ കമ്പ്യൂട്ടർ വാങ്ങിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

(.....2)

| | | | |
|---|---|---|---|
| ഡി) | ഓരോ ജില്ലയിലും ലാപ്ടോപ്പ് 2011–12 വർഷത്തിൽ വാങ്ങിയതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | ഡി) | ഓരോ ജില്ലയിലും ലാപ്ടോപ്പ് 2011–12 വർഷത്തിൽ വാങ്ങിയതിന്റെയും ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| ഇ) | ഏതെങ്കിലും ജില്ല സ്റ്റേറ്റ് ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഐ.ടി. വിഭാഗം, മറ്റ് സ്റ്റേറ്റ് ഏജൻസികൾ എന്നിവയുടെതല്ലാത്ത കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ടോ ; | ഇ) | വാങ്ങിയിട്ടുണ്ട്. |
| എഫ്) | സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങിയവർക്കെതിരെ എന്തൊക്കെനടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ? | എഫ്) | സർക്കാർ നിർദ്ദേശങ്ങൾക്കും കേന്ദ്രമാനവ വിഭവശേഷി വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള Financial Management and Procurement Manual പ്രകാരവും ജില്ലാ പർച്ചേസിങ്ങ് കമ്മിറ്റി തീരുമാനപ്രകാരവുമാണ് കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളത്. |

(signature)

സെക്ഷൻ ഓഫീസർ

5734

# അനുബന്ധം

| ജില്ല | വാങ്ങിയ എണ്ണം | ചെലവ് (രൂപ) |
| --- | --- | --- |
| തിരുവനന്തപുരം | 200 | 49,00,000/- |
| കൊല്ലം | 180 | 41,93,020/- |
| പത്തനംതിട്ട | 107 | 25,46,600/- |
| ആലപ്പുഴ | 150 | 32,62,500/- |
| കോട്ടയം | 119 | 28,56,714/- |
| ഇടുക്കി | 158 | 37,92,948/- |
| എറണാകുളം | 204 | 48,97,224/- |
| തൃശൂർ | 57 | 12,12,390/- |
| പാലക്കാട് | 188 | 39,98,760/- |
| മലപ്പുറം | 210 | 44,73,000/- |
| കോഴിക്കോട് | - | - |
| വയനാട് | 169 | 34,64,500/- |
| കണ്ണൂർ | 155 | 29,14,000/- |
| കാസർഗോഡ് | 220 | 46,46,400/- |

സെക്ഷൻ ഓഫീസർ

PS